"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - OA No.1690/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 14.02.25 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2160/2025/LSGD തീയതി,തിരുവനന്തപുരം, 01-09-2025

---

പരാമർശം:-

1. ത.സ്വ.ഭ.വ ചീഫ് എൻജിനീയറുടെ 30.11.2022 ലെ 101/2013/സി.ഇ/തസ്വഭവ (വാല്യം II ) നടപടി ക്രമം
2. ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 തീയതിയിലെ LSGD/PD/14688/2023-GEA4 നടപടിക്രമം
3. OA No.1690/2024 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 14.02.25 ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ 31/12/2023 തീയതി അടിസ്ഥാനമാക്കി 17/12/2024 തീയതിയിലെ ഗസറ്റിൽ പ്രിൻസിപ്പൽ ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള പരാമർശം (2) പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്, LSGD Special Rules 2022 ന് വിരുദ്ധമാണെന്നും, LSGD Special Rules പ്രകാരം, Asst Engineer തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായി Diploma Holders, Certificate holders എന്നീ വ്യത്യസ്ത യോഗ്യത നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ quota നിശ്ചയിച്ചിട്ടുള്ളതിനാൽ അപ്രകാരം സീനിയോരിറ്റി പട്ടിക തയ്യാറാക്കേണ്ടതാണെന്നും എന്നാൽ മേൽ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രിൻസിപ്പൽ ഡയറക്ടർ Diploma quota, Certificate quota എന്ന് തരംതിരിച്ച് സീനിയോരിറ്റി പട്ടിക തയ്യാറാക്കിയതിലൂടെ Diploma holders നെ തെറ്റായി certificate holders quota യിൽ ഉൾപ്പെടുത്തിയത് വഴി, Certificate holders ന് അനുവദനീയമായ 10% promotion സാധ്യത ഇല്ലാതാക്കിയെന്നും ആയതിനാൽ seniority list statutory rules പ്രകാരം പുനക്രമീകരിച്ച് സ്ഥാനക്കയറ്റ സാധ്യതകൾ കൊണ്ട് വരണമെന്നും ആവശ്യപ്പെട്ട് കൊണ്ട് ഒന്നാം ഗ്രേഡ് ഓവർസിയർ മനോജ് കുമാർ .പി.എം- ഉം മറ്റ് 13 പേരും കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ OA 1690/2024 ഫയൽ ചെയ്യുകയുണ്ടായി.

2. OA1690/2024 കേസിന്മേൽ പരാമർശം 3 പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവനുസരിച്ച്, ഹർജിക്കാരായ ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ ആവശ്യം പരിശോധിച്ച്, അവർക്ക് അറിയിപ്പ് നൽകി, നേരിൽ കേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഒന്നാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

3. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെയെല്ലാം സർക്കാർ നേരിൽ

കേൾക്കുകയുണ്ടായി. ഡിപ്ലോമയോ ബിടെക്കോ യോഗ്യതയുള്ള ഒന്നാം ഗ്രേഡ് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ സർട്ടിഫിക്കറ്റ് ക്വാട്ടയിലുള്ള സ്ഥാനക്കയറ്റ ഒഴിവ് കരസ്ഥമാക്കി പ്രൊമോഷൻ നേടുകയും, ഡിപ്ലോമ/ബിടെക്ക് യോഗ്യതയുള്ളവരുടെ സീനിയോറിറ്റി മറികടന്ന് സർട്ടിഫിക്കറ്റ് ക്വാട്ടയിലൂടെ അസിസ്റ്റന്റ് എഞ്ചിനീയറായും തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായും ഇത്തരക്കാർ പ്രൊമോഷൻ നേടുന്നു എന്നതിന് പുറമെ ഒരു സർട്ടിഫിക്കറ്റ് ഹോൾഡറിന് പരമാവധി എത്താൻ കഴിയുന്ന തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്പെഷ്യൽ റൂൾ പ്രകാരം അനുവദനീയമായ 10% തസ്തിക കൂടി ഡിപ്ലോമ/ബിടെക്ക്കാർ കവർന്നെടുക്കുന്ന സാഹചര്യമാണുള്ളത് എന്നും 2025 വർഷത്തെ സെലക്ട് ലിസ്റ്റിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉള്ള 76 പേരിൽ 45 പേരും സർട്ടിഫിക്കറ്റ് യോഗ്യത ഇല്ലാതെ ഡിപ്ലോമ മാത്രം യോഗ്യത ഉള്ളവരാണെന്നും ആകയാൽ മേൽ കാര്യങ്ങൾ പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റിലും, സെലക്ട് ലിസ്റ്റിലും സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് യോഗ്യത ഇല്ലാത്തവരെ പ്രസ്തുത ക്വാട്ടയിൽനിന്നും ഒഴിവാക്കണമെന്നും, സ്ഥാനക്കയറ്റ ഉത്തരവുകളിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് യോഗ്യത ഇല്ലാത്തവർക്ക് നൽകിയ സ്ഥാനക്കയറ്റങ്ങൾ റദ്ദ് ചെയ്യണമെന്നും സ്പെഷ്യൽ റൂൾ പ്രകാരം സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാർക്ക് അർഹമായ പ്രൊമോഷനുകൾ നൽകണമെന്നുമാണ് OA.No.1690/2024 കേസിലെ കക്ഷികളുടെ ആവശ്യം.

4. എതിർ കക്ഷികൾ സെക്കന്റ് ഗ്രേഡ് ഓവർസിയർ ആയി ജോലിയിൽ പ്രവേശിച്ച് 16/08/2018 ലെ E9/9300/16/CE/LSGD ഓർഡർ പ്രകാരം പ്രൊമോഷൻ ലഭിച്ച് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ആയിട്ടുള്ളവരാണ്. ഇവർ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടവരായിരുന്നു. 02/02/2021 ലെ E22/101/2013/CE/LSGD നോട്ടീസ് പ്രകാരം ITI യോഗ്യതയുള്ള തസ്തികകളിൽ Diploma/BTech എന്നീ അധികയോഗ്യതയോട് കൂടി ജോലിയിൽ പ്രവേശിച്ചവരെ പ്രൊമോഷൻ ആയി ഫസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് പ്രവേശിക്കുമ്പോൾ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപെടുത്തുക എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 25.05.2019 ലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരുടെ കരട് സീനിയോറിറ്റി ലിസ്റ്റിൽ ഇവർ ആവശ്യപ്പെടാതെ തന്നെ ഡിപ്ലോമ ക്വാട്ടയിലാണ് ഉൾപെടുത്തിയത് എന്നും അതിന് അപ്പീൽ നൽകിയതു പ്രകാരം നേരിട്ട് കേൾക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 30-11-2022 ലെ E22-101/2013/CE/LSGD (വാല്യംII) ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെടുത്തി പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള 11.01.2025 ലെ LSGD/PD/46548/2023 ഉത്തരവ് പ്രകാരമാണ് സർട്ടിഫിക്കറ്റ് ക്വാട്ടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി പ്രൊമോഷൻ ലഭിച്ച് ജോലിയിൽ പ്രവേശിച്ചത്. ആയതിനാൽ അനുകൂലമായ നടപടികൾ സ്വീകരിക്കണമെമെന്ന് OA.No.1690/2024 കേസിലെ എതിർ കക്ഷികൾ ആയ ഉദ്യോഗസ്ഥർ ഹിയറിംഗ് വേളയിൽ ആവശ്യപ്പെടുകയുണ്ടായി.

5. 31.07.2009 മുതൽ 11.09.2020 വരെയുള്ള കാലയളവിലെ ഒന്നാം ഗ്രേഡ് ഓവർസീയർമാരുടെ പരാമർശ സീനിയോറിറ്റി പട്ടിക, തസ്വഭവ ചീഫ് എൻജിനീയറുടെ പരാമർശം 1 നടപടിക്രമപ്രകാരം അന്തിമമാക്കപ്പെട്ടിട്ടുള്ളതാണ്. ടി അന്തിമ സീനിയോറിറ്റി പട്ടികയിലും ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന 3 വർഷ ഡിപ്ലോമയോ അധികയോഗ്യതയോ ഉള്ളവരെ ഡിപ്ലോമ ക്വാട്ടയിലും, ഉദ്യോഗക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസിയർ ആകുന്നവരെ സർട്ടിഫിക്കറ്റ് ക്വാട്ടയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

6. OA 1690/2024 ലെ അപേക്ഷകരായ മനോജ്കുമാർ പി.എം (സർട്ടിഫിക്കറ്റ് ക്വാട്ട -

ക്രമനം.125), പ്രിയ എം.എൻ (ക്രമ നം.198), സിനിൽകുമാരി.പി (ക്രമ നം.177), ബിജുകുമാർ.പി.ആർ (ക്രമ നം.277), സുനി.എസ് (ക്രമ നം.191) , സന്ധ്യ രാധാകൃഷ്ണൻ (ക്രമ നം.220), അനിത. എൻ (ക്രമ നം.223) എന്നിവർ 09.12.2024 തീയതിയിലെ LSGD/PD/14688/2023/GEA4 നടപടിക്രമപ്രകാരം അന്തിമമാക്കിയ സീനിയോറിറ്റി പട്ടികയിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. അന്തിമമാക്കപ്പെട്ട സീനിയോറിറ്റി പട്ടികയുടെ കരട് പ്രസിദ്ധീകരിച്ചതിൽ ഡിപ്ലോമയോ, ഉയർന്ന യോഗ്യതയോ ഉള്ളവരെ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ നിന്നും ഒഴിവാക്കണം എന്നാവശ്യപ്പെട്ട് മേൽ പരാമർശിക്കപ്പെട്ടവർ ആക്ഷേപം സമർപ്പിക്കുകയും സീനിയോറിറ്റി പട്ടിക അന്തിമമാക്കുന്നതിന് മുൻപ് ആക്ഷേപം ഉന്നയിച്ചവരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. Certificate അധിഷ്ഠിത Draftsman Civil, ITI / Polytechnic യോഗ്യതയാണ് ഗ്രേഡ് III, II തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. ഇവയെക്കാൾ ഉയർന്ന യോഗ്യതയുള്ളവർക്കും സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് സർട്ടിഫിക്കറ്റ് അധിഷ്ഠിത സിവിൽ എൻജിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആയതിനാൽ, സെക്കൻറ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിക്കുന്നവർ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത്. 30.11.2022 ലെ ഉത്തരവ് 101/2013/സി.ഇ/തസ്വഭവ (വാല്യം II ) നടപടിക്രമം പ്രകാരം തസ്വഭവ ചീഫ് എൻജിനീയർ അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി പട്ടികയിൽ ഓപ്ഷൻ നൽകാതെ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ശ്രീമതി.ദിവ്യ.സി.എം ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA (EKM) 290/2023 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് 18.03.2023 ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ(സാധാ) നം.650/2023/LSGD ഉത്തരവിൽ രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ അടിസ്ഥാന യോഗ്യത സർട്ടിഫിക്കറ്റ് ആണെന്നും ആയതിനാൽ അവരെല്ലാവരും സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത് എന്നും അവരുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് പരിഗണിക്കാൻ പാടുള്ളു എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് അനുസൃതമായാണ് തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 തീയതിയിലെ LSGD/PD/14688/2023/GEA4 സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

7. OA No.1690/2024 ൽ കക്ഷിചേർക്കപ്പെട്ടിട്ടുള്ളതും സർട്ടിഫിക്കറ്റ് ക്വാട്ട സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരുമായ ശ്രീമതി.രശ്മി രാമചന്ദ്രൻ, ശ്രീ.സുനിൽ.ആർ, ശ്രീ.ബൈജു.എൻ.ബി, ശ്രീ.രാജേഷ്.കെ.ആർ, ശ്രീമതി.ശോഭന.എൻ.ആർ, ശ്രീമതി. സുജാത. ബി.എസ്, ശ്രീ.അനിഷ്.കെ, ശ്രീ ആഷിക്.കെ. പി എന്നിവർ 30.11.2022 ന് അന്തിമമാക്കപ്പെട്ട സീനിയോറിറ്റി പട്ടികയിലും സർട്ടിഫിക്കറ്റ് ക്വാട്ടയിൽ തന്നെ ഉൾപ്പെട്ടിരുന്നവരാണ്. 09.12.2024 തീയതിയിലെ LSGD/PD/14688/2023/GEA4 അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാളുകളുടെ കാര്യത്തിൽ മാറ്റം വരുത്തിയിട്ടില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. ബഹു. KAT ന്റെ ഉത്തരവ്, മേൽവസ്തുതകളുടെയും കാലാകാലങ്ങളായുള്ള കോടതി ഉത്തരവുകളുടെയും PSC യുടെ തീരുമാനത്തിന്റെയും ഇരു കൂട്ടരുടെയും വാദഗതികളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ബഹു. KAT ന്റെ ഉത്തരവിലേക്ക് നയിച്ച അപേക്ഷകരുടെ വാദമായ ഓവർസിയർ ഗ്രേഡ് II, III തസ്തികകളിൽ നടക്കുന്ന നിയമനം പുതിയ ഏകീകൃത സർവ്വീസിനായി രൂപീകരിച്ച ഏകീകൃത സ്പെഷ്യൽ റൂൾ നിലവിൽ വരുന്ന കാലയളവിനു മുമ്പ് തന്നെ തസ്വഭ (എഞ്ചി) വിഭാഗത്തിൽ പ്രസ്തുത വിഭാഗം രൂപീകരിച്ച 2008 മുതൽ നടന്നു വരുന്നതുമാണ്. ഇക്കാര്യം, PSC യുമായി ബന്ധപ്പെട്ട് കാലാകാലങ്ങളായി തുടർന്നു വരുന്ന പ്രക്രിയായതിനാലും ഉയർന്ന യോഗ്യതയുള്ളവരെന്ന നിലയ്ക്ക് വിലക്കില്ലാതെ മത്സരപരീക്ഷ

എഴുതാൻ PSC അനുവദിക്കുന്നതുകൊണ്ടും അതുവഴി ഒപ്പം ഒരേ റാങ്ക് ലിസ്റ്റിൽ ഇടം പിടിക്കുന്നവരായതിനാൽ Diploma, Certificate എന്ന രൂപത്തിൽ ടി ഉദ്യോഗാർത്ഥികളെ വേർതിരിക്കുന്നത് ഉചിതമല്ല. ഹർജിക്കാരായ certificate ബിരുദധാരികളുടെ ആവശ്യമായ, തങ്ങൾക്ക് മാത്രമായുള്ള സ്പെഷ്യൽ റൂൾ വിഭാവനം ചെയ്യുന്ന രൂപത്തിലുള്ള അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്കുള്ള 10% പ്രമോഷൻ ചാനൽ ഉറപ്പുവരുത്തണമെന്ന ആവശ്യം ന്യായമാണെങ്കിലും ഉയർന്ന യോഗ്യത ഉള്ളവർക്കുകൂടി ഓവർസിയർ ഗ്രേഡ് II, III പരീക്ഷ എഴുതാൻ PSC അനുവാദം നൽകുന്ന സാഹചര്യത്തിൽ ഒരേ പരീക്ഷ എഴുതി വരുന്നവരെ, അവർക്ക് അധികയോഗ്യത ഉണ്ടെന്ന പേരിൽ ആ ചാനലിൽ നിന്ന് മാറ്റുന്ന കാര്യം അന്യായവും ആക്ഷേപത്തിന് ഇട നൽകുന്നതുമാണ്. നേരിൽ കേട്ട വേളയിൽ എതിർകക്ഷികൾ തന്നെ ചില വകുപ്പുകളിൽ ഉദാ. വാട്ടർ അതോറിറ്റി, ഇറിഗേഷൻസ്, PWD മുതലായവയിൽ തങ്ങൾക്ക് അനുകൂലമായി വന്നിട്ടുള്ള ഉത്തരവുകൾ ഉദാഹരിക്കുകയുണ്ടായി. എതിർ കക്ഷികളിൽ Diploma ബിരുദധാരികൾ ആവട്ടെ തങ്ങൾ PSC യുടെ നയപരമായ തീരുമാനം അനുസരിച്ച് ഒരേ പരീക്ഷ എഴുതുന്നവരാണെന്നും ആ നിലയിൽ മത്സരപരീക്ഷയിലൂടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന്, ഒരു ലിസ്റ്റിൽ ഇടംപിടിച്ചിട്ട് തങ്ങളെ വേറിട്ട് കാണുന്ന സമീപനം നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും ഓപ്ഷൻ വഴി തെരഞ്ഞെടുക്കാൻ നൽകിയ സൗകര്യം കവർന്നെടുക്കുന്നത് അന്യായമാണെന്നും ഇക്കാര്യങ്ങളൊന്നും മുൻകാലങ്ങളിൽ വേറൊരു ഘട്ടത്തിലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതാണെന്നും വൈകിയ വേളയിലെ അനവസരത്തിലെ ഈ നിലപാട് തങ്ങളെ വളരെ ദോഷകരമായി ബാധിക്കുമെന്നുമുള്ള നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്.

Certificate അധിഷ്ഠിത Draftsman (Civil), ITI/Polytechnic യോഗ്യതയാണ് ഗ്രേഡ് II, II തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. ഇവയെക്കാൾ ഉയർന്ന യോഗ്യതയുള്ളവർക്കും സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് സർട്ടിഫിക്കറ്റ് അധിഷ്ഠിത സിവിൽ എൻജിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആയതിനാൽ സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിക്കുന്നവർ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത്. തസ്വഭവ ചീഫ് എൻജിനീയർ അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി പട്ടികയിൽ ഓപ്ഷൻ നൽകാതെ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ശ്രീമതി.ദിവ്യ.സി.എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA (EKM) 290/2023 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് 18.03.2023 ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ(സാധാ) നം. 650/2023//LSGD ഉത്തരവിൽ രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ അടിസ്ഥാന യോഗ്യത സർട്ടിഫിക്കറ്റ് ആണെന്നും ആയതിനാൽ അവരെല്ലാവരും സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത് എന്നും അവരുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് പരിഗണിക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരമാണ് സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ 31.12.2023 അടിസ്ഥാനമാക്കി അന്തിമമാക്കിയിട്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 തീയതിയിലെ LSGD/PD/14688/2023/GEA4 നടപടിക്രമ പ്രകാരമുള്ള ഒന്നാം ഗ്രേഡ് ഓവർസിയർ സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്യണമെന്ന ആവശ്യം നിലവിൽ പരിഗണിക്കുവാൻ കഴിയുകയില്ല. നിലവിലുള്ള മാനദണ്ഡങ്ങളെല്ലാം പാലിച്ച്, കീഴ്വഴക്കം അംഗീകരിച്ച് പുറപ്പെടിവിച്ചിരുന്ന ഒന്നാം ഗ്രേഡ് ഓവർസിയർ സീനിയോറിറ്റി പട്ടിക, മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതാപരമായ ഘടകങ്ങളെല്ലാം കൂടി പരിശോധിച്ചതിനു ശേഷം അന്തിമമാക്കിയിട്ടുള്ളതാണ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് സർക്കാർ നടത്തിയ പ്രത്യേക പരിശോധനയിലും വിവര ശേഖരണത്തിലും ബന്ധപ്പെട്ട

കക്ഷികളുമായുള്ള നേർവിചാരണയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും പ്രിൻസിപ്പൽ ഡയറക്ടറുടെ സീനിയോറിറ്റി പട്ടിക പുനഃ ക്രമീകരിക്കേണ്ട യാതൊരു സാഹചര്യവും ബോധ്യപ്പെട്ടിട്ടില്ല.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം 3 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ പരിശോധനയിൽ 31.12.23 അടിസ്ഥാനമാക്കി അന്തിമമാക്കി പുറപ്പെടുവിച്ചിരിക്കുന്ന തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 2 ലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയുടെ സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്യണമെന്ന ആവശ്യം നിലനിൽക്കുന്നതല്ലെന്ന് കാണുന്നതിനാൽ ആയത് നിരസിച്ചുകൊണ്ടും, സീനിയോറിറ്റി പട്ടിക നിലനിൽക്കുന്ന രൂപത്തിൽ തന്നെ പരിഗണിക്കപ്പെടാനും തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം 3 പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പിൽ വരുത്തിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ കേരള (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 02-09-2025 09:19:39